(സി) സ.ഉ (കൈ) നമ്പർ 110/2014/ആകവ തീയതി 26-3-2014, സ.ഉ. (കൈ) നമ്പർ 288/2014/ആകവ തീയതി 30-9-2014 എന്നിവ പ്രകാരം 2014 മാർച്ച് മുതൽ ആരോഗ്യ വകുപ്പിൽനിന്ന് വിരമിക്കേണ്ടിയിരുന്ന ഡോക്ടർമാരുടെ സേവന കാലാവധി 6 മാസം വീതം സർക്കാർ ദീർഘിപ്പിച്ചുനൽകിയിരുന്നു. 158503/എ 3/2015/ആകവ നമ്പർ ഫയലിൽ വീണ്ടും ഡോക്ടർമാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുകയും ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം അത്കാലം വർദ്ധിപ്പിക്കേണ്ടെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ഡോക്ടർമാരുടെ ഉപരിപഠനത്തിനുള്ള ലീവ്

87(787) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപരിപഠനത്തിനായി ലീവ് എടുത്ത് പോകുന്ന ഡോക്ടർമാർ തിരികെ സർവ്വീസ്സിൽ പ്രവേശിക്കുവാൻ വരുമ്പോൾ പല സാങ്കേതിക കാരണങ്ങൾ പറഞ്ഞ് ജോലിയിൽ പ്രവേശിപ്പിക്കാതെ നിറുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ എത്ര കേസ്സുകളുണ്ട്, വ്യക്തമാക്കാമോ;

(സി) പല ആശുപത്രികളിലും ഡോക്ടർമാരില്ലാത്ത സാഹചര്യത്തിൽ ഇവർക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

കിടത്തിച്ചികിത്സ പുനരാരംഭിക്കൽ

88(788) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം പി.എച്ച്.സി.-യിൽ കിടത്തിച്ചികിത്സ പുനരാരംഭിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

കുന്ദമംഗലം പി.എച്ച്.സി. 24x7 പി.എച്ച്.സി.-യാണ്. 24x7 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ ഓൺകോൾ സേവനത്തോടുകൂടിയ കിടത്തിച്ചികിത്സാ സൗകര്യമാണ് അനുവദിച്ചിട്ടുള്ളത്. ഓൺകോൾ സേവനത്തോടുകൂടിയ കിടത്തിച്ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly